പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 144

# 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 144

# 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

2063/2012.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 144

# 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ളിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 2-ാം വകുപ്പ് 2010 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ 2011 നവംബർ 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 143എ വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 143എ വകുപ്പ് (1)-ാം ഉപവകുപ്പിൽ "മൂന്ന് മാസത്തിനകം" എന്ന വാക്കുകൾക്ക് പകരം "പതിനഞ്ച് മാസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 334-ാം വകുപ്പിനുശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 334-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"334(എ). മാലിന്യങ്ങൾ ഉറവിടത്തിൽ കൈകാര്യം ചെയ്യൽ.—(1) ഈ ആക്റ്റിലെ 326 മുതൽ 334 വരെ വകുപ്പുകളിലും 335, 336 എന്നീ വകുപ്പുകളിലും എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യാപാരകേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ, ഫ്ളാറ്റുകൾ, മൂന്ന് നിലകളിൽ കൂടുതലുള്ള വീടുകൾ, മുനിസിപ്പാലിറ്റികൾ വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥൻ അല്ലെങ്കിൽ നിയമപരമായി അവയുടെ നടത്തിപ്പോ നിയന്ത്രണമോ ഉള്ള ആൾ,—

(എ) അത്തരം കെട്ടിടങ്ങളിൽ, സ്ഥാപനങ്ങളിൽ അല്ലെങ്കിൽ സ്ഥലങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും മുനിസിപ്പാലിറ്റിയുടെ

ബൈലാകളിൽ അനുശാസിക്കുന്ന പ്രകാരവും മാലിന്യങ്ങളുടെ ഉടവിടസ്ഥലത്ത് തന്നെ ജൈവ-ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് സൂക്ഷിക്കേണ്ടതും ഇതിനായി മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും;

(ബി) (എ) ഖണ്ഡപ്രകാരം തരംതിരിച്ച ജൈവമാലിന്യങ്ങൾ 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലെയും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായും ജലം, വായു, ശബ്ദം എന്നിവയുടെ മലിനീകരണം ഉണ്ടാക്കാത്തവിധത്തിലും അത്തരം മാലിന്യങ്ങളുടെ ഉറവിടസ്ഥലത്ത് തന്നെയോ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി അങ്ങനെയുള്ള ആളുടെ ഉടമസ്ഥതയിലുള്ള സമീപപ്രദേശത്തുള്ള സ്ഥലത്തുവച്ചോ യുക്തമായ രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതും ഈ ആവശ്യത്തിനായി സ്ഥലപരിമിതിയുള്ളപക്ഷം അത്തരം മാലിന്യസംസ്ക്കരണം മുനിസിപ്പാലിറ്റി മുഖേന ഉറപ്പ് വരുത്തുന്നതിനായി മാലിന്യത്തിന്റെ അളവ്, തരം എന്നിവയ്ക്കനുസൃതമായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് മുനിസിപ്പാലിറ്റിയിൽ അടയ്ക്കേണ്ടതും;

(സി) (എ) ഖണ്ഡപ്രകാരം തരംതിരിച്ച അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അത്തരം മാലിന്യങ്ങൾ കാരണമാകുന്ന സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യുന്നതോ ആയ സ്ഥാപനവുമായോ ആളുമായോ അത്തരം സാധനങ്ങളുമായി ബന്ധപ്പെട്ട മാലിന്യങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള കരാറിലേർപ്പെടേണ്ടതും അല്ലാത്തപക്ഷം ഇതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള നിരക്കിലുമുള്ള ഫീസ് അത്തരം കാലയളവിൽ മുനിസിപ്പാലിറ്റിയിൽ അടയ്ക്കേണ്ടതും;

(ഡി) അത്തരം കെട്ടിടങ്ങളിലും സ്ഥാപനങ്ങളിലും സ്ഥലങ്ങളിലും ഉണ്ടാകുന്ന മലിനജലം ഉറവിടസ്ഥലത്തുതന്നെ ശാസ്ത്രീയമായി സംസ്ക്കരിക്കേണ്ടതും മലിനജലം ജലാശയങ്ങളിലേക്കോ ഓടകളിലേക്കോ പൊതുവഴിയിലേക്കോ പൊതു സ്ഥലങ്ങളിലേക്കോ ഒഴുകാൻ അനുവദിക്കാൻ പാടില്ലാത്തതും;

ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയ്ക്ക് പ്രസ്തുത ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം മാലിന്യസംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ അവയുടെ നിർമ്മാണവേളയിൽ തന്നെ ഉണ്ടായിരിക്കേണ്ടതും അപ്രകാരുമുള്ള സംവിധാനങ്ങൾ ഇല്ലാത്തവയ്ക്ക് പ്രവർത്തനാനുമതിയോ ലൈസൻസോ മുനിസിപ്പാലിറ്റി നൽകാൻ പാടില്ലാത്തതും നിലവിലുള്ള അത്തരം കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവയുടെ സംഗതിയിൽ അത്തരം സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനോ സംവിധാനത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനോ ഒരു വർഷത്തിൽ കൂടാതെയുള്ള കാലയളവ് സെക്രട്ടറിക്ക് അനുവദിക്കാവുന്നതും മതിയായ സംവിധാനം ഉണ്ടാക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസും പ്രവർത്തനാനുമതിയും ബന്ധപ്പെട്ട കക്ഷിക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയശേഷം റദ്ദാക്കാവുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിലെ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം നടത്തുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, ആറ് മാസത്തിൽ കുറയാതെയും ഒരു വർഷംവരെ ആകാവുന്നതുമായ കാലത്തേക്കുള്ള തടവോ പതിനായിരം രൂപയിൽ കുറയാതെയും അമ്പതിനായിരം രൂപവരെ ആകാവുന്നതുമായ പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം ശിക്ഷിക്കപ്പെട്ട ഏതൊരാളും (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും ഇരുനൂറ്റി അൻപത് രൂപയിൽ കുറയാതെയുള്ള പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്.

334. ബി. സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണവും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈകാര്യം ചെയ്യലും.—(1) 1986-ലെ പരിസ്ഥിതി (സംരക്ഷണ) ആക്റ്റിലെയും (1986-ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി,—

(എ) സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള വിവിധതരം പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏറ്റവും കുറഞ്ഞ വില വിജ്ഞാപനപ്രകാരം മുനിസിപ്പാലിറ്റി നിശ്ചയിക്കേണ്ടതും അങ്ങനെ നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലയ്ക്കോ സൗജന്യമായോ അത്തരം സഞ്ചികളോ കവറുകളോ യാതൊരു സ്ഥാപനമോ ആളോ വിൽക്കുകയോ നൽകുകയോ ചെയ്യാൻ പാടില്ലാത്തതും യാതൊരു സ്ഥാപനമോ ആളോ അപ്രകാരം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടതുമാണ് ;

(ബി) 447-ാം വകുപ്പുപ്രകാരം ലൈസൻസിന് അപേക്ഷിക്കുന്ന ഒരു അപേക്ഷകൻ അയാളുടെ സ്ഥാപനത്തിലൂടെ പ്ലാസ്റ്റിക് സഞ്ചികളോ പ്ലാസ്റ്റിക് കവറുകളോ വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ള വിവരം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഇതിനായി സാധാരണ ലൈസൻസ് ഫീസിന് പുറമെ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിലേക്ക്, വിൽക്കാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏകദേശ എണ്ണത്തിനോ അളവിനോ അനുസരിച്ച്, അങ്ങനെയുള്ള ഒരു നിശ്ചിത തുക അധികഫീസായി മുനിസിപ്പാലിറ്റിക്ക് ഈടാക്കാവുന്നതുമാണ്;

(സി) പാഴ് പ്ലാസ്റ്റിക് സഞ്ചികളും പ്ലാസ്റ്റിക് കവറുകളും ഓരോ ഉപഭോക്താവും മറ്റു മാലിന്യങ്ങളിൽ നിന്നും തരംതിരിച്ച് സൂക്ഷിക്കേണ്ടതും അവ കൗൺസിൽ ഉണ്ടാക്കിയേക്കാവുന്ന ബൈലാകളിൽ അനുശാസിക്കുന്നവിധം കൈകാര്യം ചെയ്യേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിലെ (എ) ഖണ്ഡത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാൾക്കും എതിരെ പ്രസ്തുത കേന്ദ്ര ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം സെക്രട്ടറി പരാതി സമർപ്പിക്കേണ്ടതാണ്.

334 സി. മാലിന്യനിർമ്മാജ്ജന ഫണ്ടിന്റെ രൂപീകരണം.—മുനിസിപ്പാലിറ്റിയുടെ പ്രദേശത്ത് ഉണ്ടാകുന്ന മാലിന്യനിർമ്മാർജ്ജന ആവശ്യങ്ങളിലേക്കായി, പ്രത്യേകിച്ചും പ്ലാസ്റ്റിക് മാലിന്യ സംസ്ക്കരണത്തിനായി, മുനിസിപ്പാലിറ്റി 'മാലിന്യ നിർമ്മാജ്ജന ഫണ്ട്' എന്ന പേരിൽ ഒരു പ്രത്യേക നിധി സ്വരൂപിക്കേണ്ടതും, നിധിയിൽ,—

(എ) 334ബി വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡപ്രകാരം ഈടാക്കുന്ന അധികഫീസ്;

(ബി) മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കേസുകളിൽ ഈടാക്കുന്ന പിഴസംഖ്യ;

(സി) ഈ ആവശ്യത്തിലേക്കായി സർക്കാർ അനുവദിക്കുന്നതോ, മറ്റ് ഏജൻസികളോ, ആളോ നൽകുന്നതോ ആയ തുകകൾ;

എന്നിവ വരവുവയ്ക്കേണ്ടതും ആയത് നിർണ്ണയിക്കപ്പെടാവുന്നപ്രകാരം കൈകാര്യം ചെയ്യേണ്ടതുമാണ്.".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2012-ലെ 43) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയാൽതന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്:

എന്നാൽ, 2012 ജൂലൈ 23-ാം തീയതി മുതൽ 2012 ആഗസ്റ്റ് 13-ാം തീയതി വരെയുള്ള കാലയളവിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 143 എ വകുപ്പ് (1)-ാം ഉപവകുപ്പിൽ ഒരു കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്നുമാസത്തിനകം നിശ്ചിതഫാറത്തിൽ അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റ്മെന്റ് സർക്കാർ ഇതിലേക്കായി വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോംപിറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഈ സമയപരിധി വളരെ കുറവായതിനാൽ സംസ്ഥാനത്തെ പല കൗൺസിലർമാർക്കും ഈ സമയപരിധിക്കകം അവരുടെ സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ സാധിച്ചിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനിതാ സംവരണം അമ്പത് ശതമാനമായി വർദ്ധിപ്പിച്ചതിനുശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പായതിനാലും വനിതാ കൗൺസിലർമാർ ഉൾപ്പെടെയുള്ള കൗൺസിലർമാർ തങ്ങളുടെ വാർഡിലെ വികസനപ്രവർത്തനങ്ങളിൽ

വ്യാപൃതരായിരുന്നതിനാലും പ്രസ്തുത ചുരുങ്ങിയ കാലാവധിക്കുള്ളിൽ സ്വത്തുവിവിരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽ നിശ്ചിതസമയപരിധിക്കുള്ളിൽ സ്വത്തുവിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാൻ കഴിയാതിരുന്ന ജനപ്രതിനിധികൾ അയോഗ്യരാകുന്നത് ഒഴിവാക്കാനായി പ്രസ്തുത വകുപ്പിലെ മൂന്നുമാസത്തിനകം എന്ന സമയപരിധി പതിനഞ്ച് മാസംവരെ നീട്ടിക്കൊണ്ട് പ്രസ്തുത വകുപ്പ് മുൻകാലപ്രാബല്യത്തോടെ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

2. സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന വിവിധയിനം മാലിന്യങ്ങൾ ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾക്കൊപ്പം ഇതിനായി അനുയോജ്യമായ നിയമനിർമ്മാണം കൂടി ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ, മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ജൈവ ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് കൈകാര്യം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പ്രസ്തുത ആക്റ്റിൽ ചേർക്കുവാനും വ്യാപാരകേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ മൂന്ന് നിലയിൽ കൂടുതലുള്ള വീടുകൾ തുടങ്ങിയവയിൽ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ നിർബന്ധമാക്കുന്നതിനും, അത്തരം സംവിധാനങ്ങൾ ഇല്ലാത്തവർക്ക് പിഴ ചുമത്തുന്നതിനും, പ്ലാസ്റ്റിക് കവറുകൾ, സഞ്ചികൾ എന്നിവയുടെ ഉപഭോഗം കുറയ്ക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് പ്ലാസ്റ്റിക് കവറുകൾ, സഞ്ചികൾ എന്നിവയുടെ ഏറ്റവും കുറഞ്ഞ വില നിശ്ചയിക്കുന്നതിനും, അവയുടെ വിൽപ്പനയ്ക്കായി അധികഫീസ് ഈടാക്കുവാനും ഇതുമായി ബന്ധപ്പെട്ട് കൂടുതലായി ഈടാക്കുന്ന ഫീസും കേസുകളിലെ പിഴയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരവുവച്ച് മാലിന്യസംസ്കരണത്തിനായി ഒരു പ്രത്യേക നിധി രൂപീകരിക്കുന്നതിനും സർക്കാർ തീരുമാനിച്ചു. കൂടാതെ, മാലിന്യ സംസ്കരണം, നിർമ്മാർജ്ജനം എന്നിവ ഫലപ്രദമാക്കുന്നതിനുവേണ്ടിയും പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കും മാലിന്യം ഉറവിടസ്ഥലത്തുതന്നെ വേർതിരിക്കാതിരിക്കുന്നവർക്കും ഉള്ള ശിക്ഷ വർദ്ധിപ്പിക്കേണ്ടതാണെന്നും സർക്കാർ കരുതുന്നു.

3. പ്രസ്തുത ആക്റ്റിലെ 143എ വകുപ്പ് ഭേദഗതി ചെയ്യുന്നതിനായി 2011-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 56-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2011-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് 2011 നവംബർ 23-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 52-ാം നമ്പർ ഓർഡിനൻസായി 2011 നവംബർ 25-ാം തീയതിയിലെ 2220-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2011 ഡിസംബർ 9-ാം തീയതി ആരംഭിച്ച് അന്നുതന്നെ അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് 2012 ജനുവരി 18-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 10-ാം നമ്പർ ഓർഡിനൻസായി 2012 ജനുവരി 20-ാം തീയതിയിലെ 147-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2012 മാർച്ച് 1-ാം തീയതി ആരംഭിച്ച് 2012 മാർച്ച് 23-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

8. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് 2012 ഏപ്രിൽ 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 33-ാം നമ്പർ ഓർഡിനൻസായി 2012 ഏപ്രിൽ 11-ാം തീയതിയിലെ 735-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

9. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2012 ജൂൺ 11-ാം തീയതി ആരംഭിച്ച് 2012 ജൂലൈ 25-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

10. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം പുറപ്പെടുവിച്ച ഒരു ഓർഡിനൻസ് നിയമസഭ വീണ്ടും സമ്മേളിച്ച് ആറാഴ്ചകൾക്കുശേഷം പ്രാബല്യമില്ലാതായിത്തീരുന്നതാണ്. അതനുസരിച്ച് പ്രസ്തുത ഓർഡിനൻസ് 2012 ജൂലൈ 23-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നു.

11. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ വീണ്ടും നിലനിർത്തുന്നതിനും 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2012-ലെ 33) പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യവും എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയും മേൽപ്പറഞ്ഞ ഓർഡിനൻസിന് പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷം ചെയ്ത ഏതെങ്കിലും കാര്യവും എടുത്ത ഏതെങ്കിലും നടപടിയും സാധൂകരിക്കുന്നതിനും നിലനിർത്തുന്നതിനുംവേണ്ടി 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് 2012 ആഗസ്റ്റ് 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012 ആഗസ്റ്റ് 13-ാം തീയതിയിലെ 1698-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2012-ലെ 43-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

12. 2012-ലെ 43-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

വ്യാപാരകേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ, ഫ്ളാറ്റുകൾ, മൂന്ന് നിലയിൽ കൂടുതലുള്ള സ്ഥാപനങ്ങൾ തുടങ്ങിയ കെട്ടിടങ്ങളിലും സ്ഥലങ്ങളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെയും ഇതിനായി ബൈലാകൾ ഉണ്ടാക്കുവാനും മറ്റു സ്ഥാപനങ്ങളെ വിജ്ഞാപനംമൂലം നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാനും മുനിസിപ്പാലിറ്റികളെയും അധികാരപ്പെടുത്തുവാൻ ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 334 എ വകുപ്പ്, (1)-ാം ഉപവകുപ്പും അതിന്റെ (എ) ഖണ്ഡവും വ്യവസ്ഥ ചെയ്യുന്നു.

2. സ്ഥലപരിമിതി ഉള്ള ആളുകളുടെ കാര്യത്തിൽ മാലിന്യസംസ്കരണം മുനിസിപ്പാലിറ്റി മുഖേന ഉറപ്പുവരുത്തുന്നതിനായി മാലിന്യത്തിന്റെ അളവ്, തരം എന്നിവയ്ക്കനുസൃതമായുള്ള ഫീസ് നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 334 എ വകുപ്പ്, (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

3. മാലിന്യങ്ങൾക്ക് കാരണമാകുന്ന സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യുന്നതോ ആയ സ്ഥാപനവുമായോ ആളുമായോ അത്തരം മാലിന്യങ്ങൾ തിരിച്ചെടുക്കുന്നതിന് കരാറിലേർപ്പെടാത്തപക്ഷം അത്തരം മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മുനിസിപ്പാലിറ്റിയിൽ അടയ്ക്കേണ്ടുന്ന ഫീസിന്റെ നിരക്ക്, അടയ്ക്കേണ്ട രീതി, കാലയളവ് എന്നിവ നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് 3-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 334 എ വകുപ്പ്, (1)-ാം ഉപവകുപ്പ് (സി) ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

4. സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള വിവിധതരം പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏറ്റവും കുറഞ്ഞവില വിജ്ഞാപനപ്രകാരം നിശ്ചയിക്കാൻ മുനിസിപ്പാലിറ്റികളെ അധികാരപ്പെടുത്താൻ ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 334 ബി വകുപ്പ്, (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

5. ലൈസൻസിന് അപേക്ഷിക്കുന്ന അപേക്ഷകൻ അയാളുടെ സ്ഥാപനത്തിലൂടെ പ്ലാസ്റ്റിക് സഞ്ചികളോ പ്ലാസ്റ്റിക് കവറുകളോ വില്ക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ സാധാരണ ലൈസൻസ് ഫീസിനുപുറമെ ഒരു നിശ്ചിത തുക അധികഫീസായി ഈടാക്കുന്നതിനായുള്ള കാലയളവ് നിർണ്ണയിക്കുന്നതിനായി സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 334 ബി വകുപ്പ്, (1)-ാം ഉപകുപ്പ് (ബി) ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

6. പാഴ് പ്ലാസ്റ്റിക് സഞ്ചികളും കവറുകളും ഉപഭോക്താക്കൾ മറ്റു മാലിന്യങ്ങളിൽ നിന്നും തരംതിരിച്ച് കൈകാര്യം ചെയ്യേണ്ട രീതി സംബന്ധിച്ച് ബൈലാകൾ ഉണ്ടാക്കാൻ മുനിസിപ്പാലിറ്റികളെ അധികാരപ്പെടുത്താൻ ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 334 ബി വകുപ്പ് (1)-ാം ഉപവകുപ്പ് (സി) ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

7. "മാലിന്യ നിർമ്മാർജ്ജന ഫണ്ട്" എന്ന പേരിലുള്ള നിധി കൈകാര്യം ചെയ്യേണ്ട രീതി നിർണ്ണയിക്കുന്നതിന് ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 334 സി വകുപ്പിന്റെ (സി) ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

8. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങളോ ബൈലാകളോ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. മാത്രമല്ല, ചട്ടങ്ങൾ ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

മഞ്ഞളാംകുഴി അലി.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്തഭാഗങ്ങൾ

**          **          **          **          **

143എ. കൗൺസിലർമാർ സ്വത്തുവിവരം സംബന്ധിച്ച പ്രസ്താവം നൽകണമെന്ന്.—(1) ഒരു കൗൺസിലർ തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്നുമാസത്തിനകം നിശ്ചിത ഫാറത്തിൽ അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാദ്ധ്യതകളുടെയും സ്റ്റേറ്റ്മെന്റ് സർക്കാർ ഇതിലേക്കായി വിജ്ഞാപനം മുഖേന അധികാരപ്പെടുത്തുന്ന കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന സമയം കൗൺസിലറായിരിക്കുന്ന ഒരാൾ സർക്കാർ ഇതിലേക്കായി നിശ്ചയിക്കുന്ന തീയതിക്കുമുൻപ് അപ്രകാരമുള്ള ഒരു സ്റ്റേറ്റ്മെന്റ് കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു സ്റ്റേറ്റ്മെന്റ് സമർപ്പിച്ച ഒരു കൗൺസിലർ അതിനുശേഷം അയാളുടെയോ അയാളുടെ കുടുംബത്തിലെ മറ്റു അംഗങ്ങളുടെയോ പേരിൽ കൂടുതലായി ഏതെങ്കിലും സ്വത്ത് ആർജ്ജിക്കുകയോ സ്റ്റേറ്റ്മെന്റിൽ പറയുന്ന ഏതെങ്കിലും സ്വത്ത് കയ്യൊഴിയുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്താൽ, അതതുസംഗതിപോലെ, അപ്രകാരം ആർജ്ജിക്കുകയോ കയ്യൊഴിക്കുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്യുന്ന തീയതി മുതൽ മൂന്നുമാസത്തിനകം അതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

**          **          **          **

334. ചവറും ഖരമാലിന്യങ്ങളും താമസസ്ഥലമല്ലാത്ത പരിസരങ്ങളിൽ അടിഞ്ഞു കൂടിയിട്ടുള്ള ഖരമാലിന്യങ്ങളും നീക്കം ചെയ്യൽ.—(1) ചവറും അസഹ്യതയുണ്ടാക്കുന്ന വസ്തുക്കളും മാലിന്യവും വാണിജ്യവർജ്ജ്യ വസ്തുക്കളും പ്രത്യേക മാലിന്യങ്ങളും ആപൽക്കരമായ മാലിന്യങ്ങളും അവസ്കൃതമോ മലിനപ്പെട്ടതോ ആയ വസ്തുക്കളും വലിയ അളവിൽ അടിഞ്ഞുകൂടിയിട്ടുള്ള—

(i) ഒരു ഫാക്ടറിയോ വർക്ക്ഷോപ്പോ അല്ലെങ്കിൽ എന്തെങ്കിലും നിർമ്മാണ പ്രക്രിയ നടക്കുന്ന സ്ഥലമോ, അഥവാ

(ii) ഒരു മാർക്കറ്റോ വ്യാപാര പരിസരമോ, അഥവാ

(iii) ഒരു കശാപ്പുശാലയോ, അഥവാ

(iv) ഒരു ഹോട്ടലോ ഭക്ഷണപുരയോ, റസ്റ്റോറന്റോ, അഥവാ

(v) ഒരു ആശുപത്രിയോ നേഴ്സിംഗ് ഹോമോ, അഥവാ

(vi) ഒരു പണ്ടകശാലയോ ഗോഡൗണോ, അഥവാ

(vii) അനേകം ആളുകൾ സങ്കേതമാക്കുന്ന ഒരു സ്ഥലമോ—

എന്നിവയുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറിക്ക്, അദ്ദേഹത്തിന് ആവശ്യമെന്നു തോന്നുന്നപക്ഷം, രേഖാമൂലമുള്ള നോട്ടീസ് നൽകി, അവിടെ അടിഞ്ഞു കൂടിയിട്ടുള്ള അങ്ങനെയുള്ള വസ്തുക്കൾ ശേഖരിക്കാനും, നോട്ടീസിൽ പറഞ്ഞിട്ടുള്ള സമയത്തും രീതിയിലും മാർഗ്ഗേണയും അതിനെ ഒരു ഡിപ്പോയിലേക്കോ അല്ലെങ്കിൽ സെക്രട്ടറി ഏർപ്പെടുത്തിയിട്ടുള്ളതോ നിർദ്ദേശിച്ചിട്ടുള്ളതോ ആയ സ്ഥലത്തേക്കോ നീക്കം ചെയ്യുന്നതിന് ആവശ്യപ്പെടാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള ഖരമാലിന്യങ്ങൾ ആരോഗ്യപരമായ കാരണങ്ങളാൽ സെക്രട്ടറി ആവശ്യപ്പെടുന്ന സ്ഥലത്തേക്കോ ഡിപ്പോയിലേക്കോ നീക്കം ചെയ്യുന്നതിന് സാധിക്കാത്തപക്ഷം സെക്രട്ടറിക്ക് അങ്ങനെയുള്ള ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസുമൂലം അതിൽ പറയുന്ന സമയത്തിനുള്ളിൽ അങ്ങനെയുള്ള വസ്തുക്കൾ സ്വയം കൈയ്യൊഴിക്കാൻ ആവശ്യപ്പെടാവുന്നതും അപ്രകാരം കൈയൊഴിക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം അയാളെ കുറ്റസ്ഥാപനത്തിൻമേൽ പതിനായിരം രൂപ വരെയുള്ള പിഴ ചുമത്തി ശിക്ഷിക്കാവുന്നതും അങ്ങനെ കുറ്റസ്ഥാപനം നടത്തിയശേഷം അപ്രകാരമുള്ള നിർദ്ദേശം അനുസരിക്കാൻ ഉപേക്ഷ കാണിക്കുന്നതായാൽ അയാളെ ആ കുറ്റം തുടർന്ന് ചെയ്യുന്ന ഓരോ ദിവസവും നൂറ് രൂപാനിരക്കിൽ അധിക പിഴയും ചുമത്തി ശിക്ഷിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഉടമസ്ഥനോ കൈവശക്കാരനോ വീഴ്ച വരുത്തിയാൽ ഒരു നോട്ടീസ് കൊടുത്തതിനുശേഷം, അങ്ങനെയുള്ള പരിസരത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള കെട്ടിട ചവറുകൾ അസഹ്യതയുണ്ടാക്കുന്ന വസ്തുക്കൾ, വ്യാപാര വർജ്ജ്യവസ്തുക്കൾ, പ്രത്യേക മാലിന്യങ്ങൾ, ആപൽക്കരമായ മാലിന്യങ്ങൾ, അവസ്കൃതമോ മലിനീകരിക്കപ്പെട്ടതോ ആയ വസ്തുക്കൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ ചവറുകളും സെക്രട്ടറിക്ക് നീക്കം ചെയ്യിക്കാവുന്നതും, അങ്ങനെ നീക്കം ചെയ്യുന്നതിനുള്ള ചെലവ് അപ്രകാരം നീക്കം ചെയ്യുന്നതിന് കൗൺസിൽ നിശ്ചയിക്കുന്നതും ഈ ഉപവകുപ്പുപ്രകാരം നൽകിയിട്ടുള്ള നോട്ടീസിൽ പറഞ്ഞിട്ടുള്ളതും ആയ നിരക്കുകളിൽ പ്രസ്തുത ഉടമസ്ഥനിൽ നിന്നോ കൈവശക്കാരനിൽ നിന്നോ ഈടാക്കാവുന്നതുമാണ്:

എന്നാൽ, അങ്ങനെയുള്ള ചെലവ് കൗൺസിൽ കാലാകാലം തീരുമാനിക്കുന്ന പ്രകാരമുള്ള അങ്ങനെയുള്ള ഖരമാലിന്യങ്ങളെ നീക്കം ചെയ്യുന്നതിനുള്ള യൂണിറ്റ് ചെലവിനെക്കാൾ (നീക്കം ചെയ്യുന്നതിനുള്ള വാഹനങ്ങളുടെയോ യാനപാത്രങ്ങളുടെയോ മാർഗ്ഗങ്ങളുടെയോ സർവ്വീസിംഗിന്റെ ചെലവോ അവമൂല്യനമോ മറ്റു ചാർജ്ജുകളോ ഉൾപ്പെടെയുള്ള ചെലവ്) കുറഞ്ഞ നിരക്കിലായിരിക്കാൻ പാടില്ലാത്തതാകുന്നു.

** ** ** **